**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 660** **02-02-2023 - ൽ മറുപടിയ്ക്ക്**

**ട്രാവൻകൂർ സിമന്റ്സിലെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ സിമന്റ്സിൽ വേജ്ബോർഡ് തീരുമാനപ്രകാരമുള്ള ശമ്പള പരിഷ്കരണ പ്രകാരം 2014-2018 എന്നീ വർഷങ്ങളിലെ കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ 2014-18 വർഷത്തെ ശമ്പള പരിഷ്കരണ കരാർ നടപ്പിലാക്കിയിട്ടില്ല. കമ്പനിയുടെ നിലവിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് മാത്രമേ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | ശമ്പള പരിഷ്കരണ കുടിശ്ശിക എന്നത്തേയ്ക്ക് വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ 2014-18 വർഷത്തെ ശമ്പള പരിഷ്കരണ കരാർ നടപ്പിലാക്കിയിട്ടില്ല. കമ്പനിയുടെ നിലവിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് മാത്രമേ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ |
| (സി) | സർക്കാർ പ്രഖ്യാപിച്ച ട്രാവൻകൂർ സിമന്റ്സിലെ വൈവിധ്യവൽക്കരണ പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) | സർക്കാർ പ്രഖ്യാപിച്ച ട്രാവൻകൂർ സിമന്റ്സിലെ വൈവിധ്യവൽക്കരണ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-<br><br>1. 400 TPD ഗ്രേ സിമന്റ് ഗ്രൈൻഡിംഗ് യൂണിറ്റ്.<br><br>ക്ലിങ്കറിന്റെ വർദ്ധിച്ച import expense, Ocean Freight എന്നിവ മൂലം പ്രസ്തുത പദ്ധതി ആരംഭിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ഈ പദ്ധതി താൽക്കാലികമായി നിർത്തി വച്ചിരിക്കുന്നു.<br><br>2. കെ.എസ്.ഇ.ബി. ക്ക് ആവശ്യമായ കോൺക്രീറ്റ് വൈദ്യുതി പോസ്റ്റുകളുടെ നിർമ്മാണ പദ്ധതി<br><br>കെ.എസ്.ഇ.ബി. യ്ക്ക് ആവശ്യമായ കോൺക്രീറ്റ് വൈദ്യുതി പോസ്റ്റുകൾ റേറ്റ് കോൺട്രാക്ട് വ്യവസ്ഥയിൽ വിതരണം ചെയ്യുന്നതിനുള്ള അനുമതി ലഭ്യമായിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ